**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1271** **01-02-2024 - ൽ മറുപടിയ്ക്ക്**

**എം.സി.റോഡ് നാലുവരിപ്പാതയാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എം.സി.റോഡ് നാലുവരിപ്പാതയാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കാമോ; | (എ) | 05.11.2022 ൽ എം.സി റോഡ് നാലുവരിപ്പാതയായി നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി തത്വത്തിൽ നൽകിയിട്ടുണ്ട്. MC റോഡിൽ - കേശവദാസപുരം മുതൽ മണ്ണന്തല വരെ ഇപ്പോൾ 4 Lane ഉള്ളതിനാൽ ഈ ഭാഗത്ത് വികസന പദ്ധതികൾ ഇല്ല. മണ്ണന്തല - തൈക്കാട് (Ch 0/000 – 19/390), തൈക്കാട് – വാഴോട് (Ch. 19/390-37/500), വാഴോട് – ഏനാത്ത് (Ch. 37/500-76/500) എന്നീ റീച്ചുകളിൽ നാലു വരിപ്പാത ആക്കുന്നതിന്റെ ഭാഗമായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിന് PWD Design Wing ന് 2.14 കോടി രൂപ അനുവദിച്ചിരുന്നു. കൊട്ടാരക്കര ബൈപ്പാസും MC റോഡ് വികസനത്തിന്റെ ഭാഗമായി വരുന്നതാണ്. കിഫ്ബിയുടെ കീഴിലുള്ള TRC വിഭാഗം കൊട്ടാരക്കര ബൈപ്പാസിന്റെ നിർമ്മാണ ത്തിനായുള്ള പരിശോധനയും സർവ്വേ പ്രവൃത്തികളും നടത്തി പദ്ധതിയിൽ ഉൾപ്പെടുന്ന വസ്തുവിന്റെ ഏകദേശ വില നിശ്ചയിക്കുകയും അതിൻ പ്രകാരം കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 27.04.2023 ൽ LA യ്ക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി 110.36 കോടിയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. 15.06.2023ൽ 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അതിർത്തി കല്ലുകൾ (Boundary stone) സ്ഥാപിക്കുന്നതിനുള്ള ഭാഗികമായ സാങ്കേതികാനുമതി ലഭിച്ച ടെൻഡർ നടപടികൾക്ക് മുൻപായുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. KIIFBയിൽ നിന്നും ഫൈനൽ അലൈൻമെന്റിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സംസ്ഥാന പാതയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 05.11.2022 ൽ എം.സി റോഡ് നാലുവരിപ്പാതയായി നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി തത്വത്തിൽ നൽകിയിട്ടുണ്ട്. MC റോഡിൽ - കേശവദാസപുരം മുതൽ മണ്ണന്തല വരെ ഇപ്പോൾ 4 Lane ഉള്ളതിനാൽ |

| | | | |
|---|---|---|---|
| | | | ഈ ഭാഗത്ത് വികസന പദ്ധതികൾ ഇല്ല. മണ്ണന്തല - തൈക്കാട് (Ch 0/000 – 19/390), തൈക്കാട് – വാഴോട് (Ch. 19/390-37/500), വാഴോട് – ഏനാത്ത് (Ch. 37/500-76/500) എന്നീ റീച്ചുകളിൽ നാലു വരിപ്പാത ആക്കുന്നതിന്റെ ഭാഗമായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിന് PWD Design Wing ന് 2.14 കോടി രൂപ അനുവദിച്ചിരുന്നു. കൊട്ടാരക്കര ബൈപ്പാസും MC റോഡ് വികസനത്തിന്റെ ഭാഗമായി വരുന്നതാണ്. കിഫ്ബിയുടെ കീഴിലുള്ള TRC വിഭാഗം കൊട്ടാരക്കര ബൈപ്പാസിന്റെ നിർമ്മാണ ത്തിനായുള്ള പരിശോധനയും സർവ്വേ പ്രവൃത്തികളും നടത്തി പദ്ധതിയിൽ ഉൾപ്പെടുന്ന വസ്തുവിന്റെ ഏകദേശ വില നിശ്ചയിക്കുകയും അതിൻ പ്രകാരം കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 27.04.2023 ൽ LA യ്ക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി 110.36 കോടിയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. 15.06.2023ൽ 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അതിർത്തി കല്ലുകൾ (Boundary stone) സ്ഥാപിക്കുന്നതിനുള്ള ഭാഗികമായ സാങ്കേതികാനുമതി ലഭിച്ച ടെൻഡർ നടപടികൾക്ക് മുൻപായുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. KIIFB യിൽ നിന്നും ഫൈനൽ അലൈൻമെന്റിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | എത്ര കോടി രൂപയാണ് ടി പദ്ധതിക്കുവേണ്ടി ചെലവാക്കുന്നത്; വിശദമാക്കാമോ; | (സി) | MC റോഡിന്റെ അലൈൻമെന്റിനും ഡിസൈനും അംഗീകാരം ലഭിച്ചതിനു ശേഷം എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ പദ്ധതി ചെലവ് കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളു. |
| (ഡി) | പ്രസ്തുത പാത വികസിപ്പിക്കുന്നതിനായി കേന്ദ്രവിഹിതം ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്രവിഹിതം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ